## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1762 14.07.2016 -ൽ മറുപടിയ്ക്ക്

### പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അവ വികസിപ്പിക്കുന്നതിനും പദ്ധതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം: | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അവ വികസിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ബന്ധപ്പെട്ട സ്ഥലങ്ങളിൽ നിന്നുള്ള ജനപ്രതിനിധികളിൽ നിന്നും ഡി.റ്റി.പി.സി കളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഒക്കെ ലഭിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുന്നത്. ഇത് ഒരു തുടർ പ്രക്രിയയാണ്. |
| ബി) | കേന്ദ്രവിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയാണ് ; ഈ പദ്ധതിയിൽ പത്തനംതിട്ട ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശി ദർശൻ, പ്രസാദ് എന്നീ സ്കീമുകളിലൂടെയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇതിൽ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയുള്ള എക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ഇടുക്കി, പത്തനംതിട്ട ജില്ലകളിലായി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി സർക്യൂട്ടിന്റെ വികസനത്തിനായി 9921.87 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| സി) | ഫാം ടൂറിസം, മെഡിസിൻ ടൂറിസം, കായൽ ടൂറിസം എന്നിവയെല്ലാം പ്രയോജനം ചെയ്യും വിധം കേരളത്തിലെ വിവിധ ടൂറിസം മേഖലകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ചെറുവിമാന സർവ്വീസ് ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | സി) | ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കാൻ ബജറ്റിൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ